# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1550

06.03.2017 - ൽ
മറുപടിയ്ക്ക്

## കാർഷിക യൂണിവേഴ്സിറ്റിക്ക് കീഴിൽ ഒഴിവുകൾ

ചോദ്യം
ശ്രീ. എം.രാജഗോപാലൻ

മറുപടി
ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) കാസർഗോഡ് ജില്ലയിൽ കാർഷിക യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും, പടന്നക്കാട് കാർഷിക കോളേജിലും വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;<br>ബി) ഇതിൽ എത്ര ഒഴിവുകൾ കരാർ ദിവസ വേതന പ്രകാരം നികത്തിയിട്ടുണ്ട് | എ) & ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാസർഗോഡ് ജില്ലയിലെ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും, പടന്നക്കാട് കാർഷിക കോളേജിലും വിവിധ തസ്തികകളിലെ ഒഴിവുകളും, കരാർ/ദിവസവേതന പ്രകാരം നികത്തിയ തസ്തികകളുടെ വിവരങ്ങളും അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| സി) വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിന് എന്തു തടസ്സമാണുള്ളതെന്നും പ്രസ്തുത ഒഴിവുകൾ എപ്പോൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് സ്ഥിരനിയമനം നടത്തുമെന്നും വ്യക്തമാക്കാമോ? | സി) സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് 18.12.2010 ൽ സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. പടന്നക്കാട് കാർഷിക കോളേജ്, പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം എന്നിവയിലേതുൾപ്പെടെ സർവ്വകലാശാലയിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ (ഈ അടുത്ത കാലത്ത് റിട്ടയർമെന്റ് മുഖേന ഉണ്ടായതും, കോടതി നിർദ്ദേശമനുസരിച്ച് ഒഴിച്ചിട്ട അസിസ്റ്റന്റിന്റെ 6 ഒഴിവുകളും ഒഴിച്ച്) നിയമനത്തിനായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവ കൂടാതെ 24 മറ്റു തസ്തികകളിലെ 187 ഒഴിവുകളും നിയമനത്തിനായി കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി. അഡ്വൈസ് ചെയ്ത പ്രകാരം പീലിക്കോട്, പടന്നക്കാട് കേന്ദ്രങ്ങളിൽ അസിസ്റ്റന്റ് നിയമനം നടത്തിയിട്ടുണ്ട്. പീലിക്കോട് കേന്ദ്രത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റിനെയും നിയമിച്ചിട്ടുണ്ട്.<br><br>അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ സർവ്വകലാശാല ആക്ടും സ്റ്റാറ്റ്യൂട്ടും അനുസരിച്ച് നടത്താവുന്നതാണ്. കോടതി ഉത്തരവിലൂടെ തടഞ്ഞുവെച്ചിരുന്ന അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

### പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, പീലിക്കോട്

| ക്രമ നമ്പർ | കാറ്റഗറി | ഒഴിവ് | കരാർ/ദിവസ വേതന നിയമനം |
|---|---|---|---|
| | **അദ്ധ്യാപക തസ്തികകൾ** | | |
| 1 | അസോസിയേറ്റ് ഡയറക്ടർ | 1 | |
| 2 | പ്രൊഫസർ | 1 | 8(ടീച്ചിംഗ് അസിസ്റ്റന്റ്) |
| 3 | അസോസിയേറ്റ് പ്രൊഫസർ | 9 | |
| 4 | അസിസ്റ്റന്റ് പ്രൊഫസർ | 6 | |
| | **അനദ്ധ്യാപക തസ്തികകൾ (പി.എസ്.സി മുഖേന നിയമനം നടത്തുന്നത്)** | | |
| 1 | ഫാം ഓഫീസർ/ഫാം മാനേജർ ഗ്രേഡ് 2 | 4 | 2 |
| 2 | ഫാം അസിസ്റ്റന്റ് (വെറ്റി.) | 3 | 3 |
| 3 | ക്ലാസ് 4 (പ്യൂൺ) | 5 | |
| 4 | ട്രാക്ടർ ഡ്രൈവർ | 1 | |
| 5 | ലാബ് അസിസ്റ്റന്റ് /ക്ലറിക്കൽ അസിസ്റ്റന്റ് | 3 | |
| 6 | ലാബ് അസിസ്റ്റന്റ് ഗ്രേഡ് 2 | 1 | |
| 7 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 | |
| 8 | ടെക്നീഷ്യൻ | 1 | |
| 9 | ഡ്രൈവർ എൽ.ഡി.വി. | 2 | |
| 10 | കുക്ക് കം കെയർടേക്കർ | 1 | |
| 11 | ജൂനിയർ പ്രോഗ്രാമർ | 1 | |
| 12 | കാഷ്വൽ തൊഴിലാളികൾ (സർവ്വകലാശാല നേരിട്ട് നിയമനം നടത്തുന്നത്) | 19 | |

### കാർഷിക കോളേജ്, പടന്നക്കാട്

| ക്രമ നമ്പർ | കാറ്റഗറി | ഒഴിവ് | കരാർ/ദിവസ വേതന നിയമനം |
|---|---|---|---|
| | **അദ്ധ്യാപക തസ്തികകൾ** | | |
| 1 | അസോസിയേറ്റ് ഡീൻ | 1 | |
| 2 | പ്രൊഫസർ | 6 | |
| 3 | അസോസിയേറ്റ് പ്രൊഫസർ | 12 | |
| 4 | അസിസ്റ്റന്റ് പ്രൊഫസർ | 22 | 21 |
| | **അനദ്ധ്യാപക തസ്തികകൾ (പി.എസ്.സി മുഖേന നിയമനം നടത്തുന്നത്)** | | |
| 1 | അസിസ്റ്റന്റ് ലൈബ്രേറിയൻ | 1 | 1 |
| 2 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 2 | 2 |
| 3 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | 1 |
| 4 | എച്ച്.ഡി.വി.ഡ്രൈവർ ഗ്രേഡ് 2 | 1 | 1 |
| 5 | എൽ.ഡി.വി.ഡ്രൈവർ ഗ്രേഡ് 1 | 1 | 1 |
| 6 | ലാബ് അസിസ്റ്റന്റ് /ക്ലറിക്കൽ അസിസ്റ്റന്റ് | 3 | 3 |
| 7 | ഫാം ഓഫീസർ | 1 | 1 |
| 8 | ഹോസ്റ്റൽ മാനേജർ | 1 | 1 |
| 9 | മേട്രൻ | 1 | 1 |
| 10. | പമ്പ് ഓപ്പറേറ്റർ | 1 | 1 |
| 11 | ലൈബ്രറി അസിസ്റ്റന്റ് | 1 | 1 |

സെക്ഷൻ ഓഫീസർ